(സി) ഈ പദ്ധതിക്ക് പബ്ലിക് റിലേഷൻസ് വകുപ്പും ദൂരദർശനും തമ്മിലുണ്ടായിരുന്ന എഗ്രിമെന്റ് കാലാവധി അവസാനിപ്പിച്ചത് എന്നാണ് ; ഇത് പുതുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് ആരാണ് ;

(ഡി) പബ്ലിക് റിലേഷൻസ് വകുപ്പും ദൂരദർശനും തയ്യാറാക്കിയ എല്ലാ എപ്പിസോഡുകളും ദൂരദർശൻ പ്രക്ഷേപണം ചെയ്തിട്ടുണ്ടോ ;

(ഇ) സുതാര്യകേരളം ജില്ലാതല സെല്ലുകളിൽ ഈ സർക്കാർ താത്ക്കാലികമായി നിയമിച്ചവർ ഓരോ ജില്ലയിലും എത്ര വീതമായിരുന്നു; അവരിപ്പോഴും തുടരുന്നുണ്ടോ; കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ വീതം; വിശദമാക്കുമോ ?

ഉത്തരം

(എ) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം നടത്തിയ ഫോൺ ഇൻ പരിപാടിയിൽ എടുത്ത 470 പരാതികളിൽ 109 പരാതികൾ ഭാഗികമായി തീർപ്പാക്കാനുണ്ട്.

(സി) 2014 ആഗസ്റ്റ് മുതൽ 2015 ജൂലൈ വരെയാണ് ഇപ്പോഴുള്ള എഗ്രിമെന്റ്. ഇത് പുതുക്കേണ്ട എന്ന തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഒരു ജില്ലയിൽ കോ-ഓർഡിനേറ്റർ, ടൈപ്പിസ്റ്റ്, മെസഞ്ചർ എന്നിങ്ങനെ മൂന്നുപേരാണ് ഉള്ളത്. 14 ജില്ലകളിലായി 42 പേരുടെ സേവനമാണ് വിനിയോഗിക്കുന്നത്. ഇവരെല്ലാം കരാറടിസ്ഥാനത്തിലാണ് നിയമിതരായിട്ടുള്ളത്. (നാലുപേർ മാറിയിട്ടുണ്ട്. മറ്റുള്ളവർ തുടരുകയാണ്.)

ജനസമ്പർക്ക പരിപാടി

4 (4) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ തൃശ്ശൂർ ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കാമോ ;

(ബി) പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) പുതുക്കാട് മണ്ഡലത്തിൽ നിന്ന് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്താണ് ; തീരുമാനങ്ങൾ എടുത്തത് എത്രയെണ്ണത്തിലെന്നറിയിക്കുമോ ?

ഉത്തരം

(എ) 35,113 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 519 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) താലൂക്ക് അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. 277 അപേക്ഷകളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 242 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

ഐഡിയാസ് സംവിധാനം

5 (5) ശ്രീ. എം. പി. വിൻസന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ "ഐഡിയാസ്" സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനെ കൂടുതൽ ഓഫീസുകളുമായി ബന്ധിപ്പിച്ച് പ്രാദേശിക തലത്തിൽ ഫയൽ നീക്കം അറിയത്തക്കവിധം സജ്ജമാക്കുമോ ;

(സി) നിലവിലെ ഐഡിയാസ് സംവിധാനം എല്ലാ സർക്കാർ ഉത്തരവുകളും ലഭ്യമാകുന്ന വിധം പുനഃസംഘടിപ്പിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ "ഐഡിയാസ്" ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) "ഐഡിയാസിൽ" ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ Sics.Kerala.gov.in/ideas/home എന്ന വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ഉത്തരവുകൾ ഐഡിയാസിൽ ലഭ്യമാക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എല്ലാ ഉത്തരവുകളും ഐഡിയാസിൽ ലഭ്യമാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly